**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6864** **21-03-2023 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കയ്യംതടത്തെ ഭൂപ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കയ്യംതടത്തെ 34-ഓളം കുടുംബങ്ങൾക്ക് പട്ടയം ലഭിച്ച ഭൂമി 1995-ൽ നടന്ന റീസർവേയിൽ മിച്ചഭൂമി ആയി രേഖപ്പെടുത്തിയതിനാൽ യഥാർത്ഥ ഭൂവുടമകളുടെ പേരിൽ നികുതി ഒടുക്കുന്നതിനോ മറ്റ് ക്രയവിക്രയങ്ങൾ നടത്തുന്നതിനോ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പട്ടുവം കയ്യംന്തടം പ്രദേശത്തെ നിരവധി കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിച്ചുവരുന്നില്ല എന്ന പരാതിയെ തുടർന്ന് താലൂക്ക് സർവ്വെയർ പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ ശ്രീ.ഘ്യണി നമ്പൂതിരി എന്നവർ പേരിലുള്ള സീലിംഗ് കേസിൽ ഏറ്റെടുത്ത മിച്ചഭൂമിയിൽപ്പെട്ട സ്ഥലങ്ങളാ ണെന്ന് കണ്ടെത്തിയിരുന്നു. ടി കൈവശ ക്കാരിൽ പലർക്കും ആധാരങ്ങളും, ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങളുമാണ് രേഖകളായി ട്ടുള്ളത്. താലൂക്ക് ലാൻഡ് ബോർഡ് ടി കൈവശങ്ങളെ ഏറ്റെടുത്ത മിച്ചഭൂമിയിൽ നിന്നും ഒഴിവാക്കിയാൽ മാത്രമേ പ്രശ്ന പരിഹാരമാകുകയുള്ളൂ.<br><br>നിലവിൽ ശ്രീ.ഘ്യണി നമ്പൂതിരി പേരിൽ തളിപ്പറമ്പ് താലൂക്ക് ലാൻഡ് ബോർഡിലുള്ള മിച്ചഭൂമി കേസിൽ, 02/02/2011-ലെ ടി.എൽ.ബി-1636/7/ടിബിഎ ഉത്തരവിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് ഫയൽ ചെയ്ത സി.ആർ.പി. (എൽ.ആർ) 126/15 നമ്പർ റിവിഷൻ ഹർജി ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. റിവിഷൻ എത്രയും വേഗം തീർപ്പാക്കി കിട്ടുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ഏറ്റെടുത്ത മിച്ചഭൂമിയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനായി ബന്ധപ്പെട്ട കക്ഷികൾക്ക് 1970-ലെ കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടം 14 ൽ നിഷ്കർഷിക്കുന്ന ഫോറം 6 ൽ താലൂക്ക് ലാൻഡ് ബോർഡ് മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ